പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1774. 25-03-2013 -ൽ മറുപടിക്ക്.

## മദ്യഷാപ്പുകൾക്ക് ലൈസൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള: | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ മദ്യഷാപ്പുകൾക്ക് ലൈസൻസ് കൊടുക്കുന്നതിന് നിയന്ത്രണങ്ങളും പ്രവർത്തനസമയം ചുരുക്കുന്നതിന് നടപടികളും സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശവും ഉത്തരവുകളും ലഭ്യമാക്കുമോ; | (എ) സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും അതിൽ നിന്നുടലെടുക്കുന്ന സാമൂഹ്യ പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെ കണ്ടുകൊണ്ട് രൂപീകരിച്ചതാണ്, 2012-13 - ലെ പുതിയ മദ്യനയം. മദ്യത്തിന്റെ അമിത വ്യാപനം തടയുന്നതിനായി, പുതിയ മദ്യഷാപ്പുകൾ എഫ്.എൽ.1 ഷോപ്പുകൾ) അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. മദ്യം വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള പ്രായപരിധി 18 വയസ്സിൽ നിന്നും 21 ആയി ഉയർത്തി. ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം 3 മണിക്കൂർ കണ്ട് വെട്ടിക്കുറയ്ക്കുകയും, ത്രീ സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കുന്നത് നിർത്ത ലാക്കുകയും ചെയ്തു. ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ തോത് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറച്ചു. 2012-13 മുതൽ ഫോർ സ്റ്റാർ/ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് മാത്രമേ ബാർ ലൈസൻസ് അനുവദിക്കുകയുള്ളുവെന്നും, പുതിയ ബാർ ലൈസൻസുകൾ അനുവദിക്കുമ്പോൾ, പഞ്ചായത്തുകളിൽ 3 കിലോമീറ്ററും, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അതിർത്തി കളിൽ 1 കിലോമീറ്ററും, നിലവിലുള്ള ബാർ ഹോട്ടലിൽ നിന്ന് പുതുതായി അനുവ ദിക്കുന്ന ബാർ ഹോട്ടലുകൾക്ക് ദൂരപരിധി വേണമെന്ന നിബന്ധനയും ഏർപ്പെടുത്തി. എന്നാൽ ത്രീ സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കുന്നത് നിർത്തലാക്കിക്കൊണ്ടും, പഞ്ചായത്തുകളിൽ 3 കിലോമീറ്ററും, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അതിർത്തികളിൽ 1 കിലോമീറ്ററും, നിലവിലുള്ള ബാർ ഹോട്ടലിൽ നിന്ന് പുതുതായി അനുവദിക്കുന്ന ബാർ ഹോട്ടലുകൾക്ക് ദൂരപരിധി വേണമെന്ന നിബന്ധനയും ഏർപ്പെടുത്തിക്കൊണ്ടുള്ള നിയമ ഭേദഗതി, ബഹു. കേരള ഹൈക്കോടതി റദ്ദാക്കുകയുണ്ടായി. ഇതിനെ |

| | | | |
|---|---|---|---|
| | | | തിരെ സർക്കാർ ബഹു. സുപ്രീം കോടതിയിൽ SLP ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ, 2013-14-ലെ മദ്യനയം രൂപീകരിക്കുന്നതിന് ശുപാർകൾ സമർപ്പിക്കുന്നതിന് നിയമിച്ച റിട്ട. ഹൈക്കോടതി ജഡ്ജ് ശ്രീ. രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്മേൽ തീരുമാനമെടുക്കുന്ന തുവരെ പുതിയ ബാർ ലൈസൻസുകൾ നൽകേണ്ടതില്ലെന്ന്, 12.02-2013-ലെ ജി.ഒ.(പി) 20/13/നി.വ. നമ്പർ ഉത്തരവ് പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) | പുതിയ എത്ര മദ്യഷാപ്പുകളും ബാറുകളും, ഹോട്ടലുകളും ആരംഭിച്ചിട്ടുണ്ട്; | (ബി) | ഈ സർക്കാർ നിലവിൽ വന്നശേഷം 59 ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്. പുതിയ വിദേശ മദ്യഷാപ്പുകളും, കള്ളുഷാപ്പുകളും ആരംഭിച്ചി ട്ടില്ല. |
| (സി) | 2012 ഡിസംബർ 31-ന് ബിവറേജ് ഔട്ട്ലെറ്റുകൾ വഴി വിറ്റ മദ്യത്തിന്റെ കണക്കുകൾ ലഭ്യമാക്കുമോ; | (സി) | 2012 ഡിസംബർ 31-ന് ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകൾ വഴി 30.98 കോടി രൂപയുടെ മദ്യം വിറ്റഴിച്ചിട്ടുണ്ട്. |
| (ഡി) | വർദ്ധിച്ചു വരുന്ന മദ്യപാന ശീലം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ലൈബ്രറികൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടുകൂടി, വ്യാപകമായ ബോധവത്ക്കരണ പരിപാടികൾ എക്സൈസ് വകുപ്പ് നടപ്പിലാക്കുന്നതാണ്. വിദ്യാലയങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതാണ്. കൂടുതൽ സ്കൂളുകളിലേക്ക് ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതാണ്. ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന സന്നദ്ധ സംഘടനക്കും വ്യക്തിക്കും ലഹരി വിരുദ്ധ ക്ലബ്ബിനും അവാർഡും അംഗീകാരവും നൽകുന്നതാണ്. ഡീ-അഡിക്ഷൻ ചികിത്സ നടത്തുന്ന സന്നദ്ധ സംഘടനകൾ, ചാരിറ്റബിൾ ട്രസ്റ്റുകൾ എന്നിവയ്ക്ക്, നിർധനരായിട്ടുള്ള രോഗികളെ ചികിത്സിക്കുന്നതിനായിട്ടുള്ള ധനസഹായം, വ്യവസ്ഥകൾക്ക് വിധേയമായി, നൽകുന്നതാണ്. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ കൂടി ലഹരി വിരുദ്ധ ബോധവൽക്കരണ ആശയങ്ങൾ ഉൾക്കൊള്ളുന്ന പരസ്യങ്ങൾ പ്രക്ഷേപണം ചെയ്തു വരുന്നു. |

സെക്ഷൻ ആഫീസർ